بسم الله الرحمن الرحيم

പള്ളിക്ക് അറബി ഭാഷയിൽ മസ്ജിദ് എന്നാണ് പ്രയോഗിക്കപ്പെട്ടിട്ടുള്ളത്.
സുജൂദ് ചെയ്യുന്ന സ്ഥലം എന്നാണതിന്റെ അർത്ഥം.
അഞ്ച് നേരം നിർവഹിക്കപ്പെടുന്ന നമസ്കാരത്തിന്റെ മുഖ്യ ഘടകം സുജൂദ് ആയതിനലാണ് അപ്രകാരം പേര് വിളിക്കപ്പെട്ടത്.

عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللهِ ﷺ، قالَ: «أَحَبُّ الْبِلَادِ إِلَى اللَّهِ مَسَاجِدُهَا، وَأَبْغَضُ الْبِلَادِ إِلَى اللَّهِ أَسْوَاقُهَا» ( مسلم)

നബി (സ്വ) പറഞ്ഞു: ഭൂമിയിൽ അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ട സ്ഥലം മസ്ജിദുകൾ ആകുന്നു. അവന് ഏറ്റവും കോപമുള്ള ഇടമാകട്ടെ അങ്ങാടികളും ആകുന്നു.

- അല്ലാഹുവിനെ നിരന്തരം സ്മരിച്ചു കൊണ്ടിരിക്കുന്നതും, അതിനായി ജനങ്ങൾ ഒത്തുകൂടുന്നതിനാലുമാണ് പള്ളികൾ റബ്ബിന് ഏറ്റവും ഇഷ്ടപെട്ട ഇടങ്ങളായത്.
- ഭൂമിയിൽ നിർമിക്കുന്ന കെട്ടിടങ്ങളിൽ റബ്ബിന് ഏറ്റവും ഇഷ്ടപ്പെട്ടത് പള്ളിയാണ്.
- പള്ളി നിർമാണവും പരിപാലനവും ഇസ്‌ലാമിൽ പുണ്യകരമാണ്. പള്ളികളുടെ ഉദ്ദേശം ദൈവാരാധനയാണ്.
- അതു കൊണ്ട് തന്നെ പള്ളികൾ കൈകാര്യം ചെയ്യേണ്ടത് എന്ന് ക്വുർആൻ പഠിപ്പിക്കുന്നുണ്ട്.

إِنَّمَا يَعْمُرُ مَسَاجِدَ اللَّهِ مَنْ آمَنَ بِاللَّهِ وَالْيَوْمِ الْآخِرِ وَأَقَامَ الصَّلَاةَ وَآتَى الزَّكَاةَ وَلَمْ يَخْشَ إِلَّا اللَّهَ فَعَسَى أُولَئِكَ أَنْ يَكُونُوا مِنَ الْمُهْتَدِينَ. {التوبة:١٨}

- ഇസ്‌ലാമിലെ പള്ളികൾ കേവലം ആരാധനാലയം എന്നതിനും അപ്പുറത്താണ്. ഒരു സമൂഹത്തിന്റെ സാംസ്കാരിക കേന്ദ്രം എന്ന് കൂടിയാണ്.
- നബി (സ്വ) യുടെ പള്ളിയിൽ ഒരു പ്രശ്നവുമായി ഒരു വ്യക്തി വന്നാൽ അതിനുള്ള പരിഹാരവുമായി മടങ്ങിപ്പോകാൻ കഴിയുന്ന അവസ്ഥയുണ്ടായിരുന്നു.

**പള്ളി നിർമാണം.**

- വർഷങ്ങളുടെ അധ്വനത്താൽ ഒരു വീട് പൂർത്തീകരിക്കുമ്പോൾ നമുക്കുണ്ടാകുന്ന സന്തോഷം എത്ര അനിർവചനീയമാണ്.

- എന്നാൽ റബ്ബിന് മുന്നിൽ സുജൂദ് ചെയ്യാൻ ഒരു ഭവനം നിർമിച്ച് നൽകിയാൽ അതെത്ര മഹത്തരമായിരിക്കും.

عن عُثْمانَ بْنِ عَفَّانَ وإنِّي سَمِعْتُ النَّبِيَّ ﷺ يَقُولُ :مَن بَنى مَسْجِدًا يَبْتَغِي بِهِ وجْهَ اللَّهِ بَنى اللَّهُ لَهُ مِثْلَهُ فِي الجَنَّةِ .(بخاري )

നബി പറഞ്ഞു:ആരെങ്കിലും അല്ലാഹുവിന്റെ പ്രീതി മാത്രം കാംക്ഷിച്ച് കൊണ്ട് ഒരു പള്ളി പണിതാൽ അല്ലാഹു സ്വർഗ്ഗത്തിൽ അവന് വേണ്ടി അപ്രകാരം ഒരു ഭവനം പണിയുന്നതാകുന്നു.

- നിർമിക്കുന്നത് ഇഖ്ലാസോടെ ആകണമെന്നും ലഭിക്കുന്ന പ്രതിഫലം വമ്പിച്ചതാണെന്നും ഈ നബി വചനം നമ്മെ പഠിപ്പിക്കുന്നു.
- അതെത്ര ചെറുതാണെങ്കിലും.

عَن ابْن عَبّاس :قال النبي صلى الله عليه وسلم: مَنْ بَنَى مَسْجِدًا لِلَّهِ كَمَفْحَصِ قَطَاةٍ أَوْ أَصْغَرَ؛ بَنَى اللَّهُ لَهُ بَيْتًا فِي الْجَنَّةِ (صحيح - رواه ابن ماجه)

നബി പറഞ്ഞു: ആരെങ്കിലും അല്ലാഹുവിന് വേണ്ടി ഒരു പക്ഷിക്കൂടിന്റെ അത്ര വലിപ്പമുള്ളതോ ഇനി അതിനേക്കാൾ ചെറുതായ ഒരു പള്ളി നിർമ്മിച്ചാൽ പോലും അല്ലാഹു അവന് വേണ്ടി സ്വർഗ്ഗത്തിൽ ഒരു ഭവനം പണിയുന്നതാണ്.

- പള്ളി അതെത്ര ചെറുതായാലും മേൽ പ്രതിഫലം ലഭിക്കുമെങ്കിൽ  ഒന്ന് മനസ്സ് വെച്ചാൽ നമ്മിൽ പലർക്കും നേടിയെടുക്കാവുന്ന  ഒരു പുണ്യമാണത്.
- അവിടെ നിർവഹിക്കപ്പെടുന്ന ഓരോ ഇബാദത്തുകളുടെയും, മറ്റിതര നന്മകളെയും ഒരു പ്രതിഫലം നിർമിച്ച് നൽകിയവനിലേക്ക് എത്തുന്നു.
- അത് മരണപ്പെട്ടാലും ശരി.
- പള്ളി നിർമാണം, അതിന്റെ പാരിപാലനം തുടങ്ങി എല്ലാ കാര്യവും സ്വദഖത്തുൻ ജാരിയയിൽ ആണ് ഉൾപ്പെടുക എന്ന് നബി (സ്വ) പഠിപ്പിച്ചിട്ടുണ്ട്.

عَن أَبِي هُرَيْرَةَ  عَنِ النَّبِيِّ ﷺ أَنَّهُ قال:إنَّ مِمّا يَلْحَقُ المُؤْمِنَ مِن عَمَلِهِ وحَسَناتِهِ بَعْدَ مَوْتِهِ :عِلْمًا عَلَّمَهُ ونَشَرَه، ووَلَدًا صالحًا تَرَكَه، ومُصْحَفًا ورَّثَه، أَوْ مَسْجِدًا بَناه، أَوْ بَيْتًا لِابْنِ السَّبِيلِ بَناه، أَوْ نَهْرًا أَجْراه» (حَسَّنَهُ العَلاَّمَةُ الألبانيُّ في سُنَنِ الإمامِ ابْنِ ماجَةَ)

മരണ ശേഷവും നമ്മുടെ പ്രതിഫലത്തിലേക്ക് വന്ന് ചേരുന്ന അമലുകളിൽ പെട്ടതാണ് പള്ളി നിർമാണം.

- **കാരുണ്യത്തിന്റെയും, പ്രകീർത്തനങ്ങളുടെയും പ്രകാശ കേന്ദ്രങ്ങളാണ് പള്ളികൾ.**

فِي بُيُوتٍ أَذِنَ اللَّهُ أَنْ تُرْفَعَ وَيُذْكَرَ فِيهَا اسْمُهُ يُسَبِّحُ لَهُ فِيهَا بِالْغُدُوِّ وَ الاصال(٣٦/٢٤)

എത്ര തിരക്കുകൾക്കിടയിലും അല്ലാഹുവിന്റെ ഭവനങ്ങളുമായി നിരന്തര ബന്ധം പുലർത്തുന്ന ചിലരുണ്ട്. അവരെപ്പറ്റി അല്ലാഹു ഇപ്രകാരം പറഞ്ഞു.

رِجَالٌ لاَ تُلْهِيهِمْ تِجَارَةٌ وَلاَ بَيْعٌ عَنْ ذِكْرِ اللَّهِ وَإِقَامِ الصَّلاَةِ وَإِيتَاءِ الزَّكَاةِ يَخَافُونَ يَوْمًا تَتَقَلَّبُ فِيهِ الْقُلُوبُ وَالأَبصار(٣٧/٢٤)

✓ പള്ളിയുമായി ഒരു ബന്ധം എപ്പോഴും നാം കാത്ത് സൂക്ഷിക്കണം.

✓ സാധ്യമാകുന്ന എല്ലാ ജമാഅത്ത് നമസ്കാരങ്ങളിലും നാം എത്തിച്ചേരണം.

✓ പള്ളിയിൽ എത്തുന്നവരുമായി സ്നേഹ ബന്ധങ്ങൾ സ്ഥാപിക്കണം.

**അർഷിന്റെ തണൽ ലഭിക്കുന്ന ഏഴ് കൂട്ടരിൽ ഒരാളെ നബി ഇപ്രകാരം പരിചയപ്പെടുത്തി.**

قول النبي صلى الله عليه وسلم: «سَبْعَةٌ يُظِلُّهُمُ اللَّهُ فِي ظِلِّهِ يَوْمَ لاَ ظِلَّ إِلاَّ ظِلُّهُ» وعَدَّ منهم: «وَرَجُلٌ قَلْبُهُ مُعَلَّقٌ فِي الْمَسَاجِدِ» (البخاري ومسلم)

ഒരാൾ; അവന്റെ ഹൃദയം പള്ളിയുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു"

- പള്ളിയിലേക്ക് പുറപ്പെടുമ്പോൾ പാലിക്കേണ്ട നിരവധി മര്യാദകൾ നബി നമുക്ക് പഠിപ്പിച്ച് തന്നിട്ടുണ്ട്.

1. **ഏറ്റവും നല്ലതും, വൃത്തിയുള്ളതുമായ വസ്ത്രം ധരിച്ച് പുറപ്പെടുക.**

- മുഷിഞ്ഞ വസ്ത്രങ്ങളിലും, ഉറക്ക് വസ്ത്രത്തിലും പോകുന്നവർ.
- വിയർപ്പ് ഗന്ധം വമിക്കുന്ന വസ്ത്രത്തിലും,ഭക്ഷണം പാകം ചെയ്ത അതേ വസ്ത്രത്തിലുമൊക്കെയായി പുറപ്പെടുന്നവർ. എല്ലാം ശ്രദ്ധിക്കേണ്ടത് തന്നെ.

يَابَنِي آدَمَ خُذُوا زِينَتَكُمْ عِنْدَ كُلِّ مَسْجِدٍ وَكُلُوا وَاشْرَبُوا وَلَا تُسْرِفُوا إِنَّهُ لَا يُحِبُّ الْمُسْرِفِينَ (الأعراف: ٣١)

അത് അല്ലാഹുവിന്റെ ചിഹ്നങ്ങളെ ആദരിക്കുന്നതിന്റെ ഭാഗവുമാകുന്നു.

﴿ ذَلِكَ وَمَنْ يُعَظِّمْ شَعَائِرَ اللَّهِ فَإِنَّهَا مِنْ تَقْوَى الْقُلُوبِ ﴾ [الحج: ٣٢]

2. **പള്ളിയിൽ പോകുന്നതിന്റെ മഹത്വം**

مَنْ غَدَا إِلَى الْمَسْجِدِ أَوْ رَاحَ أَعَدَّ اللهُ لَهُ نُزُلاً فِي الجَنَّةِ كُلَّمَا غَدَا أَوْ رَاحَ

ഒരാൾ പ്രഭാതത്തിലോ അല്ലെങ്കിൽ പ്രദോഷത്തിലോ പള്ളിയിലേക്ക പോയാൽ, അവൻ പോകുമ്പോഴെല്ലാം സ്വർഗത്തിൽ അല്ലാഹു അവന് ഒരു വിരുന്ന് ഒരുക്കുന്ന താണ്. (ബുഖാരി, മുസ്ലിം)

أَلَا أَدُلُّكُمْ عَلَى مَا يَمْحُو اللَّهُ بِهِ الْخَطَايَا وَيَرْفَعُ بِهِ الدَّرَجَاتِ قَالُوا: بَلَى يَا رَسُولَ اللَّهِ قَالَ: إِسْبَاغُ الْوُضُوءِ عَلَى الْمَكَارِهِ. وَكَثْرَةُ الْخُطَا إِلَى الْمَسَاجِدِ وَانْتِظَارُ الصَّلَاةِ بَعْدَ الصَّلَاةِ فَذَلِكُمْ الرِّبَاطُ

അല്ലാഹു പാപങ്ങൾ മായ്ക്കുകയും പദവികളെ ഉയർത്തുകയും ചെയ്യുന്ന കാര്യങ്ങളെ ഞാൻ നിങ്ങൾക്ക് അറിയിച്ചുതരട്ടയോ. അവർ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, അതെ. നബി (സ്വ) പറഞ്ഞു: ക്ലേശകരമായ അവസ്ഥയിൽ വുദ്വൂഅ് സമ്പൂർണമായി ചെയ്യലും പള്ളികളിലേക്ക് ധാരാളമായുള്ള കാൽവെപ്പുകളും ഒരു നമസ്കാരത്തിനു ശേഷം മറ്റൊരു നമസ്കാര ത്തെ കാത്തിരിക്കലുമാണ് അത്; അതത്രെ രിബാത്വും.. (മുസ്ലിം)

**3. ദന്ത ശുദ്ധീകരണം വരുത്തൽ.**

عن أبي هريرة رضي الله عنه أن النبي صلى الله عليه وسلم قال: "لَوْلَا أَنْ أَشُقَّ عَلَى أُمَّتِي لَأَمَرْتُهُمْ بِالسِّوَاكِ عِنْدَ كُلِّ صَلَاةٍ (روى البخاري ومسلم)

നബി പറഞ്ഞു: എന്റെ ഉമ്മത്തിന് പ്രയാസകരമാകുമായിരുന്നില്ലെങ്കിൽ ഓരോ നമസ്കാരത്തോടൊപ്പവും ദന്ത ശുദ്ധീകരണം വരുത്തണമെന്ന് ഞാൻ കൽപിക്കുമായിരുന്നു.

**4. ദുർഗന്ധവും പേറി പള്ളിയിൽ വരരുത്.**

- ഉള്ളി, വെള്ളുള്ളി തുടങ്ങി മറ്റുള്ളവർക്ക് പ്രയാസമുണ്ടാക്കുന്ന വസ്തുക്കൾ കഴിച്ച് പുറപ്പെടാതിരിക്കുക.
- പുക വലിച്ചു പുറപ്പെടുന്നതുമെല്ലാം ഇതിന്റെ പരിധിയിൽ വരും.

جابر بن عبد الله رضي الله عنه أن النبي صلى الله عليه وسلم قال: مَنْ أَكَلَ الْبَصَلَ، وَالثُّومَ، وَالْكُرَّاثَ، فَلَا يَقْرَبَنَّ مَسْجِدَنَا، فَإِنَّ الْمَلَائِكَةَ تَتَأَذَّى مِمَّا يَتَأَذَّى مِنْهُ بَنُو آدَمَ (بخاري ومسلم)

നബി പറഞ്ഞു:ആരെങ്കിലും ഉള്ളിയോ, വെള്ളുള്ളിയോ,ഉള്ളിയിലയോ മറ്റോ കഴിച്ചിട്ടുണ്ടെങ്കിൽ അവൻ നമ്മുടെ പള്ളിയെ സമീപിക്കാതിരിക്കട്ടെ. മനുഷ്യർക്ക് പ്രയാസമുണ്ടാക്കുന്നതെല്ലാം മലക്കുകൾക്കും പ്രയാസകരമായിരിക്കും.

**5. വുദ്വു എടുത്ത് പള്ളിയിൽ പോവുക.**

مَنْ خَرَجَ مَنْ بَيْتِهِ مُتَطَهِّراً إِلَى صَلاَةٍ مَكْتُوبَةٍ فأَجْرُهُ كَأَجْرِ الْحَاجِّ الْمُحَرِمِ، وَمَنْ خَرَجَ إِلَى تَسْبِيح الضُّحَى لا يَنْصِبُهُ إِلا أَيَّاهُ فأَجْرُهُ كَأَجْرِ الْمُعْتَمِرِ، وَصَلاَةٌ عَلَى إِثْرِ صَلاَةٍ لا لَغْوٌ بَيْنَهُمَا كِتَابٌ في عِلِّيِّينَ

ഒരാൾ തന്റെ വീട്ടിൽനിന്ന് ശുദ്ധിചെയ്ത് ഫർദ്വ് നമസ്കാരം നിർവ്വഹിക്കുവാൻ പുറപ്പെട്ടാൽ അവന്റെ പ്രതിഫലം ഇഹ്റാമിൽ പ്രവേശിച്ച ഒരു ഹാജിയുടെ പ്രതിഫലം പോലെയാണ്. ഒരാൾ ദ്വുഹാ നമസ്കാരത്തിന് പുറപ്പെട്ടാൽ അതിന്നല്ലാതെ അവൻ പുറപ്പെടുന്നില്ല, എങ്കിൽ അവന്റെ പ്രതിഫലം ഒരു ഉംറഃ നിർവഹിച്ചവന്റെ പ്രതിഫലമാണ്. ഒരു നമസ്കാരത്തെ തുടർന്ന് മറ്റൊരു നമസ്കാരം, അവക്കിടയിൽ അനാവശ്യങ്ങൾ ചെയ്തില്ലായെങ്കിൽ ഇല്ലിയ്യീനിൽ ഒരു രേഖയാണ് (പുണ്യാത്മാക്കളോടൊപ്പം അയാൾ രേഖപ്പെടുത്തപ്പെടും.

തുടരും.... إن شاء الله

---

- ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+ൻന്നന്ദ്രാംനഉറെവനഉർം) ഈ നമ്പറിൽ ബന്ധപ്പെടുക.
- ഖുത്തുബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:

https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA

ഇതു വരെയുള്ള എല്ലാ ഖുത്തുബകളും ലഭിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക.